# <u>ചെറുവണ്ണൂർ - കൊളത്തറ റോഡ് വികസനം - ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - കരട് റിപ്പോർട്ട്</u>

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിലെ കോഴിക്കോട്- രാമനാട്ടുകര റോഡിൽ, ചെറുവണ്ണൂർ - കൊളത്തറ റോഡ് പ്രവർത്തനത്തിനായി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കപെട്ട സ്ഥലത്തിന് പുറമെ റീ സ 108/2B1, 108/2B2, 110/1, 97/5, 138/2A, 138/2B, 139, 149/10, 148/5B1, 148/3A, 110/3 എന്നീ സർവേനമ്പറുകളിലുള്ള 0.2155 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ സ്ഥലം, 2013 ലെ ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി, സാമൂഹ്യ ആഘാത പഠനം നടത്താൻ ചുമതലപ്പെട്ട, അംഗീകൃത സ്ഥാപനമായ കയ്റോസ് കണ്ണൂർ, വിശദമായ പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ കരട് രൂപം

## <u>Executive Summary</u>

- **<u>Project and public purpose</u>**

ബേപ്പൂർ നിയമസഭാ മണ്ഡലത്തിലെ ചെറുവണ്ണൂരിൽനിന്ന് ആരംഭിച്ച് കൊളത്തറ ജംഗ്ഷനിൽ അവസാനിക്കുന്ന ഈ റോഡ്, കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട ജില്ലാറോഡുകളിൽപ്പെടുന്ന ഒന്നാണ് (MDR). 1670 മീറ്റർ നീളമുള്ള ഈ റോഡ്, ഏറെ താഴ്ന്ന പ്രദേശത്തുകൂടി കടന്നു പോകുന്നതിനാൽ, മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് പ്രയാസങ്ങൾ ഉണ്ടാക്കാറുണ്ട്. പൊതുവെ വീതി കുറഞ്ഞ ഈ റോഡിൻറെ പ്രധാന്യം മനസ്സിലാക്കി , .. മീറ്റർ വീതിയിൽ(ROW) ഉയർന്ന നിലവാരത്തിലുള്ള റോഡ് നിർമ്മിക്കാനാണ് ഈ പദ്ധതി. കോഴിക്കോട് ജില്ലയുടെ തെക്കു - പടിഞ്ഞാറ്, കിഴക്ക് ഭാഗങ്ങളിലുള്ളവർക്കും, മലപ്പുറം ജില്ലയിലെ പടിഞ്ഞാറു ഭാഗത്തുള്ളവർക്കും വ്യാവസായിക മേഖലകളിലേക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന, ഏറെ ദൈർഘ്യം കുറഞ്ഞ റോഡാണിത്. അതിനാൽ തന്നെ ഈ പ്രദേശത്തെ താമസക്കാർക്ക് വളരെ ഉപകാരപ്രദവുമാണിത്.

- **<u>Location</u>**

കോഴിക്കോട് താലൂക്കിലെ ചെറുവണ്ണൂർ വില്ലേജിലെ റീ സ 108/2B1, 108/2B2, 110/1, 97/5, 138/2A, 138/2B, 139, 149/10, 148/5B1, 148/3A, 110/3 എന്നീ സർവേ നമ്പറുകളിൽപെടുന്ന സ്ഥലം

- **<u>Size and attributes of Land acquisition</u>**

ഈ പദ്ധതിക്ക് മൊത്തം ആവശ്യമായി വരുന്നത് 2.0082 ഹെക്ടർ ഭൂമിയാണെങ്കിലും , ഇതിൽ വലിയ ഒരു ഭാഗം ഭൂമി ഏറ്റെടുക്കുകയും കുറെ ഭൂമി മുൻകൂർ കൈവശത്തിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ മേൽക്കാണിച്ച സർവേനമ്പറുകളിലെ 0.2155 ഹെക്ടർ ഭൂമിയാണ്. ഇത് നിലവിൽ ഏറ്റെടുക്കപെട്ട ഭൂമിയുടെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്നു

- **<u>Alternatives considered</u>**

നിലവിലെ റോഡ് മെച്ചപ്പെടുത്താനുള്ള പദ്ധതി ആയതിനാൽ, പകരം ഭൂമി എന്നത് പ്രായോഗികമല്ല

- **<u>Social impacts</u>**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന ചെറുവണ്ണൂർ റോഡ് ആരംഭിക്കുന്ന സ്ഥലത്തുള്ള, ഉപേക്ഷിക്കപ്പെട്ട ഒരു ഇരുനില പഴയകെട്ടിടത്തിനെ യും റീ സ 110/1 ലെ പരേതയായ സരോജിനി അമ്മയുടെ മകൾ ശ്രീഭാഗ്യയുടെ ഉടമസ്ഥതയിലുള്ള ഒരു പഴയ കെട്ടിടവും പൊളിക്കപെടുന്നു. ഈ കെട്ടിടത്തിൽ കഴിഞ്ഞ 10 വർഷമായി രാമദാസും അനുജൻ ബാലകൃഷ്ണനും ചേർന്ന് ഹോട്ടൽ കല്പക എന്ന സ്ഥാപനം നടത്തിവരുന്നുണ്ട്. അതിനാൽ തന്നെ ഹോട്ടൽ നടത്തുന്ന രണ്ടു കുടുംബത്തെയും ബാധിക്കുന്നു. അതിനാൽ തന്നെ രണ്ടു കുടുംബത്തെയും ബാധിക്കുന്നു. അതിനാൽ തന്നെ പരിമിതമായ തോതിൽ മാത്രമേ ആഘാതമുണ്ടാകുന്നുള്ളു .

- **<u>Mitigation measures</u>**

നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന രീതിയിൽ ന്യായമായ നഷ്ടപരിഹാരം.

- **<u>Detailed project description</u>**

**Background of the project, including developer's background and governance/management structure**

കോഴിക്കോട്- രാമനാട്ടുകര ഹൈവേ റോഡിൽ, ചെറുവണ്ണൂരിൽ നിന്ന് ആരംഭിച്ച്, കൊളത്തറ ജംഗ്ഷനിൽ എത്തിച്ചേരുന്നു. 1670 മീറ്റർ നീളമുള്ള ഈ റോഡിൻറെ ശരാശരി Row 3 മീറ്റർ മാത്രമാണ്. കോഴിക്കോട് ജില്ലയിലെ ഒരു പ്രധാനപ്പെട്ട റോഡാണിത്(MDR). കോഴിക്കോട് ജില്ലയുടെ തെക്കു - പടിഞ്ഞാറു, കിഴക്കൻ പ്രദേശങ്ങളെയും മലപ്പുറം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളായ ബേപ്പൂർ തുറമുഖം, ബേപ്പൂർ മത്സ്യബന്ധന കേന്ദ്രം, കടലുണ്ടി പക്ഷി സങ്കേതം, വിവിധ വിദ്യാഭ്യാസ, വ്യാവസായിക മേഖലകളെ എളുപ്പം ബന്ധപ്പെടാൻ കഴിയുന്ന

ഏറ്റവും ദൈർഘ്യം  കുറഞ്ഞ റോഡാണിത്. വളരെ താഴ്ന്ന ഭൂ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ഈ റോഡ്, മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാൽ ഗതാഗതത്തിനു പ്രയാസം ഉണ്ടാക്കുന്നു. റോഡിൻറെ പ്രാധാന്യം കണക്കിലെടുത്തു ഈ റോഡിനെ 15 മീറ്റർ Row യുള്ള ഒന്നാക്കി മാറ്റാൻ സർക്കാർ തീരുമാനിക്കുകയും ഭൂമി ഏറ്റെടുക്കാൻ നടപടി ആരംഭിക്കുകയും ചെയ്തു. ഏകദേശം നൂറിലധികം ഭൂവുടമകളുടെ ഭൂമി സർക്കാർ ഏറ്റെടുത്ത മരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തു. എന്നാലും കുറച്ചു ഭൂമി ഏറ്റെടുക്കാൻ ബാക്കിയാവുകയും ചെയ്തു. ഈ റോഡിന്റെ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്, സർക്കാരിന്റെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്ന പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗമാണ്.

**<u>Rationale for project including how the project fits the public purpose criteria listed in the act</u>**

ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളിൽ ഒന്നായ ചെറുവണ്ണൂർ  കൊളത്തറ റോഡ്, നിലവിൽ വീതി കുറഞ്ഞതും, മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് ഗതാഗത പ്രയാസങ്ങളും ഉണ്ടാക്കുന്ന രീതിയിൽ നിന്ന്, മികച്ച നിലവാരത്തിലുള്ള റോഡ് ആക്കി മാറ്റുന്നതിനാണ് സ്ഥലം ഏറ്റെടുക്കുന്നത്. നേരത്തെ വ്യക്തമാക്കിയത് പോലെ കോഴിക്കോട് ജില്ലയിലെ തെക്കു പടിഞ്ഞാറു കിഴക്കു ഭാഗത്തുള്ളവർക്കും മലപ്പുറം ജില്ലയിലെ പടിഞ്ഞാറ് ഭാഗത്തു താമസിക്കുന്നവർക്കും ഏറെ ഉപകാരപ്രദമായ ഈ റോഡിനായി ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

**<u>Details of project size, location, capacity, output, production targets, costs, risks</u>**

ചെറുവണ്ണൂർ മുതൽ കൊളത്തറ ജംഗ്ഷൻ വരെയുള്ള നിലവിലെ വീതികുറഞ്ഞ റോഡ്, 15 മീറ്റർ വീതിയിൽ (Row) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ 1670 മീറ്റർ നീളത്തിൽ നിർമ്മിക്കപ്പെടുന്ന ഈ റോഡ്  20 സെ മീ കട്ടിയിൽ ഗ്രാനുലർ സബ് ബേസും 25 സെമി വെറ്റ് മിക്സ് മെക്കാഡവും (GSB) WMM ത്തിനുമുകളിൽ 60 മിനി ഡെൻസ് ബിറ്റുമിനൻ മെക്കാഡം സർഫേസ് കോഴ്സും 30 മിമീ ബിറ്റുമിനൻ കോൺക്രീറ്റ് വെയറിങ് കോട്ടും നിർദേശിക്കപ്പെട്ട ഈ റോഡിൻറെ ഇരുവശത്തുമായി കോൺക്രീറ്റ് ഓവുചാലുകളും അതിനു മുകളിലായി നടപ്പാതയും നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ചെറുവണ്ണൂർ വില്ലേജിലെ റീ സ 108/2B1, 108/2B2, 110/1, 97/5, 138/2A, 138/2B, 139, 149/10, 148/5B1, 148/3A, 110/3  എന്നീ സർവേ നമ്പറുകളിൽപെടുന്ന 0.2155 ഹെക്ടർ ഭൂമികൂടിയാണ് ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. നിർമ്മാണം പൂർത്തിയായാൽ ജില്ലയിലെ തെക്കു - പടിഞ്ഞാറു, കിഴക്കു ഭാഗത്തിലുള്ളവർക്കും

മലപ്പുറം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തു താമസിക്കുന്നവർക്കും ഏറെ പ്രയോജനകരമായിരിക്കും ഈ റോഡ്.

**Examination of alternatives**

ഈ റോഡിൻറെ നിർമ്മിതിക്കായി മൊത്തത്തിൽ ആവശ്യമായ 2.0082 ഹെക്ടർ ഭൂമിയുടെ സിംഹഭാഗവും ഏറ്റെടുത്ത് മരാമത്ത് വകുപ്പിന് കൈമാറിക്കഴിഞ്ഞതാണ്. കുറച്ചു ഭാഗം ഭൂമി, ഏറ്റെടുക്കലിന്റെ അവസാനഘട്ടത്തിലാണ്. അതിനാൽ തന്നെ ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നതും റോഡിൻറെ ഇരുവശത്തുള്ളതുമായ 0.2155 ഹെക്ടർ ഭൂമിക്ക് പകരമായി മറ്റൊരു സ്ഥലം പരിഗണിക്കാൻ പ്രയാസമാണ്.

**Phases of project construction**

ഭൂമി മുഴുവൻ ഏറ്റെടുത്തു കഴിഞ്ഞാൽ, നിലവിൽ 3 മീറ്റർ മാത്രം RoW ഉണ്ടായിരുന്ന ഈ റോഡിനെ 15 മീറ്റർ RoW യുള്ള ആധുനിക രീതിയിലുള്ള റോഡാക്കി മഴക്കാലത്തുള്ള വെള്ളക്കെട്ടുകൾ ഒഴിവാക്കി, എപ്പോഴും സുഗമമായി ആശ്രയിക്കാവുന്ന റോഡാക്കി മാറ്റുകയാണ് പ്രധാനലക്ഷ്യം

മറ്റു ഘട്ടങ്ങൾ താഴെ കാണിച്ചിരിക്കുന്നു

- 20 cm കട്ടിയിലുള്ള Granular Sub base layer (GSB)
- 25 cm കട്ടിയിൽ wet mix macadam
- wet mix macadam ത്തിനു മുകളിലായി 60mm Dense Bituminous Mecadam surface course
- ഇതിനു മുകളിൽ bituminous concrete wearing coat
- റോഡിൻറെ ഇരുവശത്തും, മുഴുവൻ നീളത്തിൽ Reinforced കോൺക്രീറ്റ് ഓവുചാലുകൾ
- ഇതിനു മുകളിലായി നടപ്പാതകൾ
- ട്രാഫിക് സുരക്ഷാ സംവിധാനങ്ങൾ
- KSEB, Telephone ഓപ്പറേറ്റർസിന് കേബിളുകൾ സ്ഥാപിക്കാൻ റോഡിൻറെ ഇരുവശത്തും സൗകര്യം ഒരുക്കുന്നു.
- ബലപ്പെടുത്തലും ഭൂഗർഭ ഡ്രയിനേജും നിയന്ത്രിക്കുന്നതിനായി സബ്ഗ്രേഡിനു മുകളിലായി, സംരക്ഷണ ഭിത്തിയുടെ താഴെ ജൈവ ഭൂവസ്ത്രം സ്ഥാപിക്കുന്നു
- കേബിളുകൾക്കായി റോഡിനു കുറുകെ കൃത്യമായ ഇടവേളകളിൽ NP4 കോൺക്രീറ്റ് പൈപ്പുകളിടുന്നു

**Core design features and size and type of facilities**

തൊട്ടു മുകളിലെ ഖണ്ഡികയിൽ വിശദീകരിച്ചതുപോലെ, നിലവിലുള്ള വളരെ ഇടുങ്ങിയ റോഡിനെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 15 മീറ്റർ Row യുള്ള റോഡാക്കി മാറ്റി , മൺസൂൺ കാലത്തുണ്ടാകുന്ന പ്രയാസങ്ങളും ഒഴിവാക്കി, പ്രധാനപ്പെട്ട വാണിജ്യ വ്യാപാര കേന്ദ്രങ്ങളിലേക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും കോഴിക്കോട്, മലപ്പുറം ജില്ലകളിലെ, സമീപ പ്രദേശത്തുകാർക്ക്, എളുപ്പത്തിൽ ബന്ധപെടാനാകുന്ന ഒരു റോഡാക്കി മാറ്റുക എന്നതാണ് പ്രധാന ഉദ്ദേശം.

**Need of ancillary infrastructural facilities**

1670 മീറ്റർ നീളമുള്ള ചെറുവണ്ണൂർ -- കൊളത്തറ റോഡിനെ നിലവിലുള്ള അവസ്ഥയിൽനിന്നും ഏറെ സൗകര്യപ്രദമായ പുതിയ റോഡാക്കി മാറ്റുന്നതിന് മൊത്തം ആവശ്യമുള്ള 2.0082 ഹെക്ടർ ഭൂമിയുടെ ഭൂരിഭാഗവും ഏറ്റെടുക്കപ്പെട്ടുകഴിഞ്ഞതാണ്. ഇനി ബാക്കിയുള്ള 0.2155 ഹെക്ടർ ഭൂമിയാകട്ടെ നിലവിലുള്ളതും ഏറ്റെടുക്കപെട്ടതുമായ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന ഭൂമിയാണ്. ഇതിൽ ചെറുവണ്ണൂർ റോഡ് സൈഡിലെ ഒഴിഞ്ഞുകിടക്കുന്ന ഇരുനിലകെട്ടിടവും, ഹോട്ടൽ കല്പക പ്രവർത്തിക്കുന്ന ഓടിട്ട കെട്ടിടവും ഒഴികെ ഒരു തരത്തിലുള്ള സ്ഥാപനങ്ങളെയോ വീടുകളെയോ ബാധിക്കാത്ത സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന സമയത്ത് ഇവിടെ ഒരു തരത്തിലുള്ള അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമില്ല.

**Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports**

ഇല്ല

**Applicable law and policies**

1. RFCTLARR Act, 2013
2. RFCTLARR Act (Kerala) rules 2015

## Team composition approach, methodology and schedule of the Social Impact Assessment

**സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന**

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിലെ റീ സ 108/2B1, 108/2B2, 110/1, 97/5, 138/2A, 138/2B, 139, 149/10, 148/5B1, 148/3A, 110/3 എന്നീ സർവേനമ്പറുകളിലുള്ള 0.2155 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ സ്ഥലം, ചെറുവണ്ണൂർ - കൊളത്തറ റോഡ് പ്രവൃത്തിക്കായി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഉത്തരവാദിത്വം

നൽകിയിരിക്കുന്നത് കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 22 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന Track A NGO ആയ കയ്റോസ് (KAIROS Kannur Association For Integrated Rural Organization and Support) കണ്ണൂരിനെയാണ്. കോഴിക്കോട് ജില്ലാ കളക്ടറുടെ ലെ DCKKD/10930/2021B4 നമ്പർ നടപടിക്രമപ്രകാരമാണ് ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ആധികാരികമായ വിജ്ഞാപനം 11.03.2022 ലെ 792 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

**List of all team members with qualification**

| ക്രമ നമ്പർ | പേര് | പദവി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഫാ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) **ph: 9400371739** | ചെയർമാൻ | MSW |
| 2 | ശ്രീ കെ.വി.ചന്ദ്രൻ **ph: 9846871777** | അംഗം | BA (Eco)<br>MA (His) |
| 3 | ശ്രീമതി ജെസ്സി റെജി (ഡി.ടി.പി.ഓപ്പറേറ്റർ) **ph: 9947584887** | അംഗം | BA (Mal) |
| 4 | ശ്രീ പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് | SSLC |

## Description and rationale for the methodology and tools used to collect information for the social impact assessment

കോഴിക്കോട് - രാമനാട്ടുകര റോഡിൽ, ചെറുവണ്ണൂർ മുതൽ കൊളത്തറ ജംഗ്ഷൻ വരെയുള്ള 1670 മീറ്റർ നീളമുള്ള, വീതി കുറഞ്ഞ പഴയ റോഡിനു പകരമായി 15 മീറ്റർ RoW യുള്ള, ആധുനിക രീതിയിലുള്ള റോഡ് നിർമ്മിക്കാനായിട്ടാണ് ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്. മൊത്തത്തിൽ ആവശ്യമായി വരുന്ന 2.0082 ഹെക്ടർ ഭൂമിയിൽ വളരെ കുറച്ചു മാത്രമേ ഏറ്റെടുക്കാൻ ബാക്കിയുള്ളു. ഇവിടെ ചെറുവണ്ണൂർ റോഡ് ആരംഭിക്കുന്ന സ്ഥലത്ത്, ഉപേക്ഷിക്കപ്പെട്ട പഴയ ഒരു കെട്ടിടവും, റീ സ 110/1 ഇൽ പ്രവർത്തിച്ചു വരുന്ന കല്പക ഹോട്ടലിനെയുമാണ് സാരമായി ബാധിക്കുന്നത്. അതിനാൽ തന്നെ പ്രയാസം അനുഭവിക്കുന്നവരെ നേരിൽ കണ്ടു സംസാരിക്കാനാണ് മുൻഗണന നൽകിയത്. സ്ഥലം സന്ദർശിക്കുന്ന സമയത്ത്, മരാമത്ത് വകുപ്പിലെ ചുമതലപ്പെട്ട അസി എൻജിനീയർ, കോഴിക്കോട് കോർപറേഷനിലെ 45 വാർഡ് കൗൺസിലർ ശ്രീമതി ഷീബ 43

വാർഡ് കൗൺസിലർ ശ്രീമതി പ്രേമലത, റോഡ് വികസന സമിതി കൺവീനർ എന്നിവരുടെ സഹകരണം ലഭിച്ചിരുന്നു. Participatory Observation, Participatory Rural Appraisal, Informal interview with key Informants എന്നി ടൂളുകളും ഉപയോഗിച്ചിരുന്നു. 05.05.2022 നു നടത്താൻ നിശ്ചയിച്ചിട്ടുള്ള പൊതു അവകാശവാദയോഗത്തിൽ, ഈ വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താനും, അത് സംബന്ധിച്ച അർത്ഥനാധികാരിയുടെ അഭിപ്രായം ആവശ്യമെങ്കിൽ അത് ശേഖരിച്ചു അന്തിമ റിപ്പോർട്ടിൽ ചേർക്കാനും സാധിക്കും.

## <u>Sampling methodology used</u>

## <u>പഠനോപാധികൾ</u>

സാമൂഹ്യ ആഘാത പഠനത്തോടനുബന്ധിച്ചുള്ള വിവര ശേഖരണത്തിനായി തൊട്ടു മുകളിൽ കാണിച്ച ഉപാധികൾക്ക് പുറമെ Stakeholder Analysis, Participatory Rural Appraisal, Beneficiary Assessment എന്നീ ഉപാധികളും അവലംബിച്ചിട്ടുണ്ട്.

## <u>Overview of information/ data sources used</u>

വളരെ മുന്നേ തന്നെ ഈ റോഡിൻറെ പുനർനിർമ്മിതിക്കായി ഈ പ്രദേശത്തുകാർ കമ്മിറ്റ രൂപീകരിച്ച പ്രവർത്തനം നടത്തി വരുന്നതിന്റെ ഫലമായി 2019 ൽ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ 20% ആയി 3 കോടി രൂപ വകയിരുത്തിയിരുന്നു. തുടർന്ന് 2019 ൽ തന്നെ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തിരുന്നു. നിലവിൽ കേവലം 3 മീറ്റർ മാത്രം ROW യുള്ള റോഡ്, മഴക്കാലത്ത് വെള്ളക്കെട്ട് കാരണം പ്രയാസങ്ങൾ ഉണ്ടാക്കിയിരുന്നു. ഇത് ROW 15 മീറ്റർ ആക്കി, ആധുനിക രീതിയിലുള്ള സാങ്കേതിക സംവിധാനത്തിലൂടെ മികച്ച റോഡാക്കി മാറ്റുകയാണ് ഉദ്ദേശിക്കുന്നത്.
ഇവിടെ ഏറ്റെടുക്കപെടേണ്ടിവരുന്നത് രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് അതിൽ ഒന്ന് ചെറുവണ്ണൂർ റോഡിലെ അടഞ്ഞു കിടക്കുന്ന, പഴയ ഒരു നില കെട്ടിടവും, കൊളത്തറ ഭാഗത്തുള്ള കല്പകഹോട്ടലുമാണ്. ഈ റോഡിനാവശ്യമായ സ്ഥലത്തിന്റെ ഭൂരിഭാഗവും നേരത്തെ തന്നെ ഏറ്റെടുക്കപെട്ടു കഴിഞ്ഞതിനാൽ, ഈ സ്ഥലമേറ്റെടുപ്പ് സാരമായ പ്രയാസങ്ങൾ സൃഷ്ടിക്കുന്നില്ല.
പൊതുമരാമത്തു വകുപ്പ്, റോഡ് വികസന സമിതി, വില്ലേജ് ഓഫീസ്, കോർപറേഷൻ കൗൺസിലർമാർ എന്നിവരിൽ നിന്നും സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിരുന്നു.

**Schedule of consultations with key stakeholders and brief description of public hearings conducted**

സ്ഥലം ഏറ്റെടുപ്പ് നേരിട്ട് ബാധിക്കുന്നത് ഭൂവുടമകളെ കൂടാതെ കല്പക ഹോട്ടൽ വാടകക്ക് നടത്തുന്നവരെയുമാണ്.

ഭൂവുടമകളുടെയും മറ്റു തല്പരകക്ഷികളുടെയും പ്രശ്നങ്ങളും പ്രയാസങ്ങളും കൂടുതൽ വ്യക്തമായി അറിയുന്നതിനായി 05.05.2022 വ്യാഴാഴ്ച രാവിലെ 11.30 നു ബേപ്പൂർ നിയോജകമണ്ഡലം എം. എൽ.എ ഓഫീസിൽ വച്ച് ഒരു പൊതു കേൾക്കൽ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. ഇത് സംബന്ധിച്ച അറിയിപ്പ് 17.04.2022 ലെ കേരള കൗമുദി, സുപ്രഭാതം എന്നീ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂ ഉടമകൾക്കും, വാടകക്ക് കട നടത്തുന്നയാളിനും റെജി. തപാലിൽ നോട്ടീസ് നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടറുടെ അറിവിലേക്കായി നോട്ടീസിന്റെ പകർപ്പ് നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് കോർപറേഷൻ മേയർ, സെക്രട്ടറി , 43, 45 എന്നീ വാർഡ് കൗൺസിലർമാർക്കും, പൊതുമരാമത്ത് നിരത്തു വിഭാഗം എക്സി. എൻജിനീയർ കോഴിക്കോടിനും, സ്പെ.തഹസിൽദാർ (LA) കോഴിക്കോടിനും , കൺവീനർ റോഡ് വികസന സമിതി, ബേപ്പൂർ എം.എൽ.എ യുടെ പി.എ എന്നിവർക്കും നോട്ടീസിന്റെ പകർപ്പുകൾ അയച്ചിട്ടുണ്ട്. യോഗത്തിൽ ഉയർന്നു വരുന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ മരാമത്ത് വകുപ്പ്, നിരത്തുവിഭാഗം എക്സി.എൻജിനീയർക്ക് അയച്ചുകൊടുത്ത് ആയതിന്റെ മറുപടി അന്തിമ റിപ്പോർട്ടിൽ ഉൾപെടുത്തുന്നതായിരിക്കും.

**Land assessment**

**Describe with the help of maps information from land inventory and primary sources.**

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തീർണം |
|---|---|---|
| 1 | R.s No 108/2B1 | 0.0091 |
| 2 | 108/2B2 | 0.0012 |
| 3 | 110/1 | 0.006 |
| 4 | 97/5 | 0.006 |
| 5 | 138/2A | 0.0278 |
| 6 | 138/2B | 0.0156 |
| 7 | 139 | 0.0615 |
| 8 | 149/10 | 0.0672 |

| | | |
|---|---|---|
| 9 | 148/5B1 | 0.0004 |
| 10 | 148/3A | 0.0053 |
| 11 | 138/2A | 0.0002 |
| 12 | 110/3 | 0.0152 |
| | **ആകെ** | 0.2155 **ഹെക്ടർ** |

**Entire area of impacts under the influence of the project. (not limited to land area for acquisition)**

ഈയൊരു പദ്ധതിക്കായി മൊത്തം 2.0082 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. അതിൽ നല്ല ശതമാനം ഭൂമി ഏറ്റെടുത്തു കഴിഞ്ഞതായി മുന്നേ രേഖപെടുത്തിയതാണ്. റോഡിൻറെ ഇരുവശത്തുമായുള്ള സ്ഥലം ഏറ്റെടുക്കപെടുമ്പോൾ, ആദ്യ ഘട്ടത്തിലുണ്ടായ ആഘാതം, ഇപ്പോൾ 0.2155 ഹെക്ടർ സ്ഥലം ഏറ്റെടുക്കെടുമ്പോൾ ഉണ്ടാകുന്നില്ല. ഇപ്പോൾ സ്ഥലം ഏറ്റെടുക്കപെടുമ്പോളുണ്ടാകുന്ന ആഘാതം, ഏറ്റെടുക്കപെടുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ ഒതുങ്ങുന്നു.

**Total land required for the project**

ഈ പദ്ധതിക്ക് മൊത്തം ആവശ്യമായി വരുന്നത് 2.0082 ഹെക്ടർ സ്ഥലമാണ്. ഇപ്പോൾ സാമൂഹ്യ ആഘാത പഠനം നടത്തുന്നത്, ഏറ്റെടുക്കാൻ ബാക്കിയായിട്ടുള്ള 0.2155 ഹെക്ടർ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ചാണ്.

**Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project**

1670 മീറ്റർ നീളമുള്ള ചെറുവണ്ണൂർ- കൊളത്തറ റോഡ് നിലവിലുള്ള ഇടുങ്ങിയ രൂപത്തിൽ നിന്നും 15ROW വീതിയിലുള്ള ആധുനിക രീതിയിലുള്ള റോഡാക്കി മാറ്റുന്നതിന്, മുന്നേ സൂചിപ്പിച്ചതുപോലെ 2.0082 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന 0.2155 ഹെക്ടർ ഭൂമിയൊഴിച്ചു ബാക്കി ഭൂമി ഏറ്റെടുത്തു കഴിഞ്ഞതാണ്. റോഡിൻറെ ഇരുവശത്തും മുഴുവനായി ഡ്രയിനേജടക്കം നിർമ്മിക്കുന്നതിനായാണ് ഇത്രയും ഭൂമി ആവശ്യമായി വരുന്നത്. റോഡ് ആരംഭിക്കുന്നത് മുതൽ അവസാനിക്കുന്നത് വരെ ഭൂമി ഏറ്റെടുക്കപെട്ടു കഴിഞ്ഞിട്ടുണ്ട്.

**Quantity and location of the land proposed to be acquired for the project**

ഈ പദ്ധതിക്കായി ഇനി ഏറ്റെടുക്കാൻ ബാക്കിയായി നിൽക്കുന്നത് കോഴിക്കോട് താലൂക്കിലെ, ചെറുവണ്ണൂർ വില്ലേ ജിൽപെട്ട റീ സ 108/2B1, 108/2B2,

110/1, 97/5, 138/2A, 138/2B, 139, 149/10, 148/5B1, 148/3A, 110/3 എന്നീ സർവേ നമ്പറുകളിൽപെടുന്ന 0.2155 ഹെക്ടർ ഭൂമിയാണ്.

**Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses**

ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന ഭൂമി പുരയിടം/ നിലം വിഭാഗത്തിൽപെട്ടതാണ്. മിക്കവാറും എല്ലാ ഭൂമിയും വീട്ടുപറമ്പിന്റെ ഭാഗമാണ്. ഇതിൽ കൃഷി ഭൂമി ഉൾപ്പെടുന്നില്ല. ഉടമകളിൽ നിന്നും വളരെ ചെറിയ ഭാഗം മാത്രമേ ഏറ്റെടുക്കപ്പെടേണ്ടതായിട്ടുള്ളു. ഇവിടുത്തെ ഭൂമി മൊത്തത്തിൽ, സ്വന്തം ഉടമസ്ഥതയിലുള്ളതാണ്. ഇവയൊക്കെത്തന്നെ പരമ്പരാഗതമായി കൈവശം ചേർന്ന് വന്നവയാണ്. ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന ഭൂമിയിൽ താമസിച്ചുവരുന്ന വീടുകളില്ല.

**ഭൂമിയുടെഉടമസ്ഥർ**

| ക്രമനമ്പർ | ഉടമസ്ഥന്റെപേര് | വിസ്തീർണം | സ്വഭാവം |
|---|---|---|---|
| 1 | ശ്രീഭാഗ്യ, D/O സരോജിനി മുതൽപേർ | 0.0223 | പുരയിടം/നിലം |
| 2 | വിജുല, അനിരുദ്ധ് | 0.0986 | പുരയിടം/നിലം |
| 3 | ആനന്ദ്, S/Oശ്രീധരൻ മുതൽപേർ | 0.0672 | പുരയിടം/നിലം |
| 4 | സുരേഷ്ബാബു മുതൽപേർ | 0.0004 | പുരയിടം/നിലം |
| 5 | ഗിരിജ ഉള്ളാടുത്തൊടി | 0.0053 | പുരയിടം/നിലം |
| 6 | സുനിൽ പുന്നത്ത് | 0.0065 | പുരയിടം/നിലം |
| 7 | അറഫാത്ത് കെ | 0.0152 | പുരയിടം/നിലം |
| | **ആകെ** | **0.2155 ഹെക്ടർ** | |

**Land prices and recent changes in ownership, transfer and use of lands over the last 3 years**

ചെറുവണ്ണൂർ കൊളത്തറ റോഡ് പ്രവർത്തിക്കായി മുന്നേ തന്നെ ഇവിടെ ഭൂമി ഏറ്റെടുക്കപ്പെട്ടിരുന്നു. ദേശീയപാതയ്ക്ക് സമീപം സെന്റിന് 10 ലക്ഷം രൂപയും മറ്റു സ്ഥലങ്ങളിൽ 5 ലക്ഷം രൂപയും നൽകിയതായി അറിയാൻ കഴിഞ്ഞു.

## **Estimation and enumeration (where required) of affected families and assets**

**Estimation of families**

(a) **Families which are directly affected (own land that is proposed to be acquired)**

മുൻപേ തന്നെ ഈ പദ്ധതിക്കായി ഏറ്റെടുക്കപെട്ട സ്ഥലത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്നത്. പൊതുവെ ഇത് മുകളിൽ കാണിച്ച 7 വ്യക്തികളുടെ സ്ഥലമാണ്. ഇതിൽ 149/10 ൽ പെട്ട ആനന്ദ് കെയുടെ സ്ഥലം മാത്രമാണ് ഒരു വീട്ടുപറമ്പിൽ ഭാഗമായി വരുന്നത്. മറ്റു സ്ഥലങ്ങളിൽ ഇപ്പോൾ കുടുംബങ്ങൾ ഒന്നും തന്നെ താമസിക്കുന്നില്ല.

**Family of scheduled tribes and other traditional forest dwellers who have lost any of their forest rights.**

ഇവിടെ അത്തരത്തിലുള്ള ഗിരിവർഗക്കാർ താമസിക്കുന്നില്ല

**Families which depend on common property resources which will be affected due to acquisition of land for their livelihood**

ഇല്ല

**Families which have been assigned land by the state government or the central government under any of its schemes and such land is under acquisition**

ഇല്ല

**Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land**

ഇല്ല

**Families which are indirectly impacted by the project (not affected directly by the acquisition of own land)**

റീ സ 110/1 ഇൽ പരേതയായ സരോജിനി മകൾ ശ്രീഭാഗ്യയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കല്പക ഹോട്ടൽ നടത്തിവരുന്ന, സഹോദരങ്ങളായ രാമദാസ് സിയെയും, ബാലകൃഷ്ണൻ സി യെയും സ്ഥലം ഏറ്റെടുപ്പ് ബാധിക്കും. ഇത് അവരുടെ കുടുംബത്തെയും ബാധിക്കുന്നു.

(a) **Inventory of productive assets and significant lands**

| ക്രമനമ്പർ | ഉടമസ്ഥന്റെപേര് | ചമയങ്ങൾ | |
| --- | --- | --- | --- |
| 1 | ശ്രീഭാഗ്യ, D/O സരോജിനി മുതൽപേർ | വിവിധ സർവേ നമ്പറുകളിലായിട്ടുള്ള സ്ഥലത്ത്, വീട്ടിലേക്കുള്ള റോഡ് ഭാഗത്തായി രണ്ട് തെങ്ങുകളും ഒരു പടു മരവും ഉണ്ട് . കൂടാതെ ഒരു പഴയ ഓട് മേഞ്ഞ കെട്ടിടവും ഈ കെട്ടിടത്തിൽ വാടകക്ക് ഒരു ഹോട്ടൽ നടത്തുന്നുണ്ട്. | 5.5081 cent |
| 2 | വിജുല, അനിരുദ്ധ് | വിവിധ സർവേ നമ്പറുകളിലായിട്ടുള്ള സ്ഥലത്ത് നല്ല ഉല്പാദനക്ഷമതയുള്ള 13 തെങ്ങുകൾ ഉണ്ട്. കൂടാതെ ഒരു കൊക്കോമരവും | 24.3542 cent |
| 3 | ആനന്ദ്, S/Oശ്രീധരൻ മുതൽപേർ | ചെറിയ തെങ്ങ്-1<br>പിലാവ് -2<br>തേക്ക് - 9<br>കവുങ്ങ്-3<br>മുളക്കൂട്ടം-2<br>കശുമാവ് -1<br>വാഴകൂട്ടം-1 | 16.5984 cent |
| 4 | സുരേഷ്ബാബു മുതൽപേർ | - | കെട്ടിടത്തെ ബാധിക്കുന്നില്ല |
| 5 | ഗിരിജ ഉള്ളാടുത്തൊടി | - | ചെറുവണ്ണൂർ റോഡരികിലുള്ള ഒരു പഴയ ഇരുനില കെട്ടിടം ഇതിൽ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| 6 | സുനിൽ പുന്നത്ത് | - | വിവിധ സർവേ നമ്പറുകളിലായിട്ടുള്ള സ്ഥലം, വീട്ടിലേക്കുള്ള റോഡിൻറെ ഭാഗം |
| 7 | അറഫാത്ത് കെ | - | ഒഴിഞ്ഞ പറമ്പിന്റെ ഭാഗം |

## Socio- economic and cultural profile (affected area and resettlement site)

**Demographic details of the population in the project area**

ചെറുവണ്ണൂർ കൊളത്തറ റോഡ് വികസനത്തിനായി ആദ്യഘട്ടത്തിൽ തന്നെ സ്ഥലം ഏറ്റെടുത്തു തുടങ്ങിയതാണ്. നിലവിൽ ഏറ്റെടുക്കപെട്ട സ്ഥലത്തിന് പുറമെ, അതിനോട് ചേർന്ന് നിൽക്കുന്ന സ്ഥലത്തു ആരും തന്നെ താമസിക്കുന്നില്ല. ഇവിടെ നിന്ന് പുനരധിവസിപ്പിക്കേണ്ടിയും വരുന്നില്ല.

**Income and poverty levels**

ഏറ്റെടുക്കപെടുന്ന സ്ഥലത്തു ഒരു ഹോട്ടൽ മാത്രമാണ് ഉള്ളത് എന്ന് വ്യക്തമാക്കിയതാണ്. അതിനാൽ തന്നെ വരുമാനവും ദാരിദ്ര്യരേഖ പരാമർശവും ഇല്ല

**Vulnerable groups**

ഇല്ല

**Land use and livelihood**

ഇവിടെ ഏറ്റെടുക്കപെടുന്ന ഭൂമിയിൽ കൂടുതലും ഒഴിഞ്ഞു കിടക്കുന്ന പറമ്പിന്റെ ഭാഗമോ താമസസ്ഥലത്തിന് ഭാഗമായ പറമ്പോ ആണ്. പൊതുവെ കാർഷിക ഭൂമിയല്ല. പറമ്പിൽ നിന്ന് ലഭിക്കുന്ന ആദായം ജീവനോപാദികളിൽ പെടുത്താൻ മാത്രം ഗൗരവമുള്ളതല്ല. എന്നാൽ ഏറ്റെടുക്കുന്ന സ്ഥലങ്ങളും ഒരു പഴയ ഓടിട്ട കെട്ടിടത്തിൽ രണ്ടു സഹോദരന്മാർ ചേർന്ന് നടത്തുന്ന ഹോട്ടലുണ്ട്. ഈ സ്ഥലമേറ്റെടുപ്പ് ഇവരെയാണ് സാരമായി ബാധിക്കുക.

**Local economic activities**

ഈ പ്രദേശത്തെ പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ കാർഷിക വൃത്തിയാണ്. വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തവരും, ജോലിചെയ്യുന്നവരും ഈ പ്രദേശത്തിന്റെ സാമ്പത്തീക പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നു.

**Factors that contribute to local livelihood**

മുൻകാലഘട്ടങ്ങളിൽ സമീപ പ്രദേശത്തെ ഓട് കമ്പനികളിൽ ജോലി ചെയ്തവരാണ് ഇവിടുത്തുകാർ അത്തരം കമ്പനികൾ പൂട്ടിയതോടെ ചെരിപ്പ് നിർമ്മാണം മറ്റു അപ്ഹോൾസ്റ്ററി മേഖലകളിൽ ജോലി ചെയുന്നു. അതുപോലെ തന്നെ പറമ്പുകളിലെ തേക്ക്, കവുങ്ങ് എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനവും ജീവനോപാധിയെ സഹായിക്കുന്നു. മൊത്തമായി

നോക്കുകയാണെങ്കിൽ വിവിധ കമ്പനികളെയും ചെറിയ തരത്തിലുള്ള വ്യാവസായിക യൂണിറ്റുകളെയുമാണ് പ്രധാനമായി ആശ്രയിക്കുന്നത്.

## Kinship patterns and social and cultural organizations.

ഹിന്ദു മുസ്ലിം മതവിഭാഗങ്ങൾ രമ്യതയോടെ അധിവസിക്കുന്ന പ്രദേശം മിക്കവാറും ഇന്നത്തെ അണുകുടുംബസംവിധാനത്തിൽ ജീവിക്കുന്നു. ആത്മവിദ്യാസംഘം, ശിവദാസൻ സ്മാരക ഗ്രന്ഥാലയം എന്നീ സ്ഥാപനങ്ങൾ ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് ഏറെ സഹായകാര്യമായി പ്രവർത്തിച്ചുവരുന്നു.

## Administrative organizations

പ്രാദേശിക ഭരണസംവിധാനത്തിന്റെ ഭാഗമായ കോഴിക്കോട് കോർപറേഷൻ 43, 45 എന്നീ വാർഡുകളുടെ പരിധിയിൽ വരുന്ന പ്രദേശമാണിത്.

## Political organizations

ഈ പ്രദേശത്ത് കോൺഗ്രസ്, സി.പി.ഐ (എം), ബി.ജെ.പി, ലീഗ്, എന്നീ കക്ഷി രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമുണ്ട്.

## Community based and civil society organisations

ഇത്തരം സംഘങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്തു പ്രവർത്തിക്കുന്നില്ല

## Regional dynamics and historical change processes

പദ്ധതി പ്രദേശമായ ചെറുവണ്ണൂർ- കൊളത്തറ പ്രദേശം കോഴിക്കോട് കോർപറേഷന്റെ 43, 45 എന്നീ ഡിവിഷനുകളിൽ പെടുന്ന പ്രദേശമാണ്. ആദ്യകാലഘട്ടത്തിൽ ഇവിടുത്തുകാർ സമീപ പ്രദേശത്തെ ഓട് കമ്പനികളിൽ ജോലി ജീവിതം നയിച്ചിരുന്നവരാണ്. കാലക്രമേണ അത്തരം കമ്പനികളിൽ ഇല്ലാതാവുകയും, ഇന്നത്തെ തലമുറ ചെറിയ തരാം വ്യാവസായിക യൂണിറ്റുകളിൽ ജോലി തേടുകയും ചെയ്തു. മലബാറിലെ ശ്രീ നാരായണ ഗുരു എന്നറിയപ്പെടുന്ന ശ്രീ വാഗ്ഭടാനന്ദന്റെ പ്രധാനപ്പെട്ട പ്രവർത്തന മേഖലകളിൽ ഒന്നായിരുന്നു കൊളത്തറ മേഖല. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ നവോഥാന പ്രവർത്തനങ്ങളിൽ നായകത്വം വഹിച്ചിരുന്ന ആത്മീയ ആചാര്യന്മാരിൽ ഒരാളായിരുന്നു ശ്രീ വാഗ്ഭടാനന്ദൻ. ഹിന്ദുമതത്തിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെ ഇല്ലായ്മ ചെയ്ത്, വിശ്വാസികളെയും ആചാരങ്ങളെയും കാലോചിതമായി പരിഷ്കരിച്ച ആത്മീയ ഗുരുവായിരുന്നു ഇദ്ദേഹം. 1917 ഇൽ

ഇദ്ദേഹം ആരംഭിച്ച ആത്മവിദ്യ സംഘത്തിന്റെ ഒരു ശാഖ ഇപ്പോഴും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്.

അതുപോലെതന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളായ ഇ.എം.എസ്, എ.കെ.ജി , പി. കൃഷ്ണപിള്ള എന്നിവരുടെ ഒളിവുകാല രാഷ്ട്രീയ പ്രവർത്തനകേന്ദ്രങ്ങളിൽ ഒന്നായിരുന്നു ഈ മേഖല. അതുപോലെതന്നെ കായികരംഗത്ത് വോളിബാളിന്റെ ഈറ്റില്ലം തന്നെയായിരുന്നു ഈ പ്രദേശം. ഇന്ത്യൻ ആർമിയുടെ ഇലക്ട്രോണിക് ആൻഡ് മെക്കാനിക്കൽ എഞ്ചിനീറിങ് വിഭാഗമായ EME യിലെയും, ഇന്ത്യൻ എയർഫോഴ്സിലെയും വോളിബാൾ താരങ്ങളായിരുന്നു കെ.പി.വേലായുധൻ, കെ.പി.ശ്രീധരൻ എന്നിവർ ഈ മേഖലയുടെ സംഭാവനയായിരുന്നു. മികച്ച ഒരു സാംസ്കാരിക വിദ്യാഭ്യാസ കേന്ദ്രമായിരുന്ന ഈ പ്രദേശത്തു, 1932 ഇൽ സ്ഥാപിതമായ ശിവദാസ് സ്മാരക ഗ്രന്ഥശാല, ഇന്നും ഈ മേഖലയിലെ സാംസ്കാരിക രംഗത്ത് തലയെടുപ്പോടെ പ്രവർത്തിച്ചുവരുന്നു.

**<u>Quality of living environment</u>**

മികച്ച ജീവിത സാഹചര്യമാണ് ഇവിടെ ഉള്ളത്.

**<u>Community based and civil society organizations</u>**

## Social Impact Management Plan

## Approach to mitigation

നിലവിലുള്ള വീതികുറഞ്ഞ, ചെറുവണ്ണൂർ കൊളത്തറ റോഡ് വീതികൂട്ടി, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച റോഡക്കി മാറ്റുന്നതിന് ആവശ്യമായ ഭൂമിയുടെ സിംഹ ഭാഗവും മുന്നേതന്നെ ഏറ്റെടുത്തു കഴിഞ്ഞിരുന്നു. റോഡിന്റെ പൂർത്തീകരണത്തിനായി 0.2155 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കുന്നത് സംബന്ധിച്ച ആഘാതത്തെ കുറിച്ചും അതിന്റെ പരിഹാരനടപടികളെക്കുറിച്ചും ഭൂഉടമകളുമായും മറ്റു തല്പരകക്ഷികളുമായുംവിശദമായി സംസാരിച്ചിരുന്നു. അവ താഴെ കാണിച്ചിരിക്കുന്നു.

**<u>Measures to avoid, mitigate and compensate impact</u>**

ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്, നിലവിലെ വീതികുറഞ്ഞ, മൺസൂൺ കാലത്ത് വെള്ളക്കെട്ട് മൂലം ഗതാഗത പ്രയാസം ഉണ്ടാകുന്ന ചെറുവണ്ണൂർ കൊളത്തറ റോഡ് വീതികൂട്ടുന്നതിനായി, ഏറ്റെടുത്തു കഴിഞ്ഞ ഭൂമിക്ക് പുറമെയാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത് എന്ന് വ്യക്തമാക്കിയിരുന്നല്ലോ

## സാമ്പത്തിക നടപടികൾ

റോഡ് വികസനത്തിനായി 2019 ൽ തന്നെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ആവശ്യത്തിനുള്ള ഭൂമിയുടെ നല്ലൊരു ശതമാനം മുൻപേതന്നെ ഏറ്റെടുക്കുന്നതായി സൂചിപ്പിച്ചിരുന്നല്ലോ. ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന 0.2155 ഹെക്ടർ ഭൂമിയിൽ സാരമായ പ്രയാസം ഉണ്ടാകുന്നത് ശ്രീഭാഗ്യയും സ്ഥലത്ത് പഴയ ഓടിട്ട കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കല്പക ഹോട്ടലിന്റെ നടത്തിപ്പുകാർക്കാണ്. അതുകൊണ്ടുതന്നെ RFCTLARR Act 2013 ലെയും RFCTLARR Act (Kerala) rules അനുസരിച്ച് പ്രത്യേക പാക്കേജുകൾ ഇവർക്കായി നൽകാവുന്നതാണ്.

ഈ പദ്ധതിക്കായി ഭൂമി വിട്ടു നല്കാൻ തയാറാണെന്ന് ഗിരിജ, അറാഫത്ത്, ആനന്ദ് എന്നിവർ മുന്നേതന്നെ സമ്മതപത്രം നൽകിയതാണ്.

## പാരിസ്ഥിതിക നടപടികൾ

സുനിലിന്റേയും, വിജിലയുടെയും സ്ഥലത്തിന് സമീപത്തായുള്ള തുമ്പപ്പാടം തോടിന്റെ ഭാഗമായുള്ള ഒരു ഡ്രയിനേജ് ഉണ്ട്. ഈ സ്ഥലത്തിന്റെ മുകൾഭാഗത്തെ പറമ്പിലേയും മങ്കുഴി ഭാഗത്തെ വെള്ളം ചാലിയാർ പുഴയിലേക്ക് ഒഴുകിപോകുന്നത് ഈ ഡ്രയിനേജ്/ തോട് വഴിയാണ്. ഇത് വൃത്തിയാക്കി സംരക്ഷിക്കപ്പെടണം. ഇവിടെ വേറെ പാരിസ്ഥിതിക പ്രയാസങ്ങൾ ഒന്നും തന്നെയില്ല .

## Measures that are included in the terms of rehabilitation and resettlement and compensation as outlined in the act

ഈ പദ്ധതിക്കായി ഇവിടെ മുന്നെത്തന്നെ ഭൂമി ഏറ്റെടുക്കപ്പെടുകയും ഉടമകൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി RFCTLARR ആക്ട് 2013 ലെ പ്രസക്തമായ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായ നഷ്ടപരിഹാരം നൽകപ്പെട്ടാൽ മതിയാകും

## Measures that the requiring body has stated it will introduce in the project proposal

തുമ്പപ്പാടം തോടനുബന്ധിച്ചുള്ള ഡ്രയിനേജ് സംരക്ഷിക്കുന്നതടക്കം സ്വീകരിക്കുന്ന നടപടികൾ പൊതുമരാമത്ത് വകുപ്പ്, അതിന്റെ പ്രൊജക്റ്റ് പ്രൊപ്പോസലിൽ വ്യക്തമാക്കിയിട്ടുണ്ട്.

## Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process

നിലവിലുള്ള ചെറുവണ്ണൂർ - കൊളത്തറ റോഡിന്റെ വികസനത്തിനായാണ് നിലവിലുള്ള റോഡിന്റെ ഇരുവശത്തായി ഭൂമി ഏറ്റെടുക്കുന്നത്. മൊത്തത്തിൽ ആവശ്യമുള്ള 2.0082 ഹെക്ടർ ഭൂമിയുടെ ഭൂരിഭാഗവും ഏറ്റെടുത്തു കഴിഞ്ഞതായി മുന്നേ സൂചിപ്പിച്ചതാണല്ലോ. ഇനി അല്പം കൂടി മാത്രമേ ഏറ്റെടുക്കാൻ ബാക്കിയുള്ളു. അതിനാൽ തന്നെ പ്രൊജക്റ്റ് ഡിസൈനിൽ മാറ്റം വരുത്താൻ കഴിയില്ല. ആഘാതത്തിന്റെ തീവ്രത കുറയ്ക്കാനായി വേറെ നടപടികൾ ആവശ്യമില്ല.

**Detailed mitigation plan**

ഇവിടെ ഏറ്റെടുക്കപ്പെടാനുള്ളത് 7 പേരുടെ ഭൂമിയാണ്. ഇതിൽ മൂന്നുപേർ ഭൂമി വിട്ടുനൽകാനുള്ള സമ്മതപത്രം ഒപ്പിട്ടുനല്കിയവരാണെന്നും നേരത്തെ സൂചിപ്പിച്ചതാണ്.

1. ഇവിടെ ഭൂമി ഏറ്റെടുക്കപെടുമ്പോൾ സാരമായ ആഘാതം ഉണ്ടാകുന്നത് റീ സ 110/1 ൽ ശ്രീഭാഗ്യയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുള്ള, പഴയ ഓടിട്ട കെട്ടിടത്തിൽ കല്പക ഹോട്ടൽ നടത്തുന്ന രാമദാസിനും, അനുജൻ ബാലകൃഷ്ണനും അവരോടൊപ്പം ഹോട്ടലിൽ ജോലിചെയ്യുന്ന രാമദാസിന്റെ മകൻ അഭിനവിനുമാണ്. ഇത് രണ്ടു കുടുംബത്തെയും ബാധിക്കുന്നു. അതിനാൽ തന്നെ നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന രീതിയിൽ പുനരധിവാസ സഹായം നൽകാവുന്നതാണ്.
2. ഈ ഹോട്ടൽ കെട്ടിടം പൊളിക്കപെടുന്നതോടെ, വാടകയിനത്തിൽ വരുമാനം ഇല്ലാതാകുന്ന ശ്രീ ഭാഗ്യക്ക്, അവരുടെ സ്ഥലത്തുതന്നെ മറ്റൊരു കെട്ടിടം നിർമ്മിച്ച് , അത് ഹോട്ടലിനായി നൽകാവുന്നതാണ്. അതുവഴി വാടകനഷ്ടം ഒഴിവാക്കാനും, തൊഴിൽ നഷ്ടം ഇല്ലാതാക്കാനും സാധിക്കുന്നു. ഇതിനാവശ്യമായ കാലയളവിലേക്ക് പുനരധിവാസ പാക്കേജ് നൽകിയാൽ മതിയാകുന്നതാണ്.
3. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ തകൃതിയായി നടക്കുന്ന സാഹചര്യത്തിൽ, ഇവിടുത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം സംബന്ധിച്ചു വ്യക്തമായ ധാരണയുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ചും ധാരണയുണ്ട്.
4. മങ്കുഴി ഭാഗത്തെയും, ഈ പ്രദേശത്തെ ഉയർന്ന ഭാഗങ്ങളിലെയും വെള്ളം തുമ്പപ്പാടം തോടിലേക്ക് എത്തുന്നതിനുള്ള ഡ്രയിനേജ് സംബന്ധിച്ചു പ്രോജെക്ടിൽ തന്നെ പരാമർശിക്കപ്പെട്ടതായതിനാൽ അത് പ്രത്യേകം സൂചിപ്പിക്കുന്നില്ല.
5. വീട്ടുപറമ്പിനോട് ചേർന്നു കിടക്കുന്ന മതിലുകൾ പുനർനിർമ്മിക്കാനും, 149/10 ൽ ആനന്ദകുമാറിന്റെ വീട്ടുപറമ്പിലെ കുളത്തിന്റെ ചെറിയ ഭാഗം

ഏറ്റെടുക്കപെടുന്നതിനാൽ അതിന്റെ പൊളിക്കപെടുന്ന ഭാഗം പുനർനിർമ്മിക്കേണ്ടിയിരിക്കുന്നു.

6. പറമ്പുകളിലെ ചമയങ്ങൾക്ക്, നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനാൽ പ്രത്യേകമായി പരാമർശിക്കുന്നില്ല.

**SIMP- Institutional framework**

- **Description of institutional structures and key person responsible for each mitigation measures**

RFCTLARR ആക്ട് പ്രകാരം ചുമതപ്പെട്ട റെവന്യൂ അധികൃതർ
പൊതുമരാമത്ത് (നിരത്തു വിഭാഗം) അധികൃതർ

- **Specify role of NGO's etc, if involved**

ഇല്ല

- **Indicate capacities required and capacity building plan, including technical assistance, if any**

ഇല്ല

- **Timelines for each activity**

നിയമത്തിലും ചട്ടത്തിലും നിശ്ചയിക്കപ്പെട്ട സമയ പരിധി

## Social impact management plan Budget and financing of mitigation plan

- **Cost of all resettlement and rehabilitation costs**

2019 ലെ ബഡ്ജറ്റിൽ Vol III, പേജ് 10, ക്രമ നമ്പർ 186 ആയി, മൊത്തം തുകയും 20 ശതമാനം ആയ 3 കോടി രൂപ വകയിരുത്തപ്പെട്ടിട്ടുണ്ട്.

- **Annual budget and plan of action**

ഏറ്റെടുക്കപെടുന്ന സ്ഥലത്തിനും, കെട്ടിടത്തിനും മറ്റു ചമയങ്ങൾക്കും നഷ്ടപരിഹാര തുക നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ വ്യക്തമായ നടപടി ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകും.

- **Funding sources with breakup**

നേരത്തെ സൂചിപ്പിച്ചതുപോലെ 2019 ലെ ബഡ്ജറ്റിൽ മൊത്തം തുകയുടെ 20% ആയി 3 കോടി രൂപ അനുവദിക്കപ്പെട്ടതായി സൂചിപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപേ ഭൂമി ഏറ്റെടുക്കാനും അതിലെ നിർമ്മിതികൾ പൊളിക്കാനും മറ്റുമായി ചീഫ് എൻജിനീയറുടെ 07.01.2021 ലെ RtDr KKD/2020-2021/RD/2021/31 ഉത്തരവ് പ്രകാരം ഇതിനായുള്ള ഭരണാനുമതിയുടെ ചുവടുപിടിച്ച് സാങ്കേതിക അനുമതി നല്കപ്പെട്ടിട്ടുണ്ട്. ഭരണാനുമതിയുടെ വെളിച്ചത്തിൽ 122340 ലക്ഷം രൂപക്ക് സാങ്കേതിക അനുമതി നൽകപ്പെട്ടിട്ടുണ്ട്.

## SIMP- Monitoring and evaluation

- **Key monitoring and evaluative indicators**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Reporting mechanisms and monitoring roles**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Plan for independent evaluation**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

## Analysis of costs and benefits and recommendation on acquisition

### Final conclusions on:

- **Assessment of public purpose**

ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളിൽ ഒന്നായ ചെറുവണ്ണൂർ - കൊളത്തറ ജംഗ്ഷൻ റോഡ് നിലവിലുള്ള .. മീറ്റർ ... വിൽനിന്നും .. മീറ്റർ ... ആയി നവീകരിച്ച്, മഴക്കാലത്ത് റോഡിൽ വെള്ളക്കെട്ട് മൂലം ഗതാഗത പ്രയാസങ്ങൾ ഒഴിവാക്കി, ഈ പ്രദേശത്തുകാർക്ക് സമയനഷ്ടം ഒഴിവാക്കി സുഗമമായി യാത്ര സൗകര്യം ഒരുക്കുന്നതിനാണ്. അതുകൊണ്ടു തന്നെ ഈ ഭൂമി ഏറ്റെടുപ്പ് പൊതു ആവശ്യ നിർവഹണാർത്ഥം തന്നെയാണ്.

- **Less displacing alternatives**

റോഡ് വികസന പദ്ധതിയായതിനാൽ, റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലം തന്നെ ആവശ്യമായതിനാൽ, പകരം സ്ഥലത്തെകുറിച്ചു പരിഗണിക്കാനേ നിർവാഹമില്ല.

- **Minimum requirement of land**

നിലവിലെ 3 മീറ്റർ ROW വിൽ നിന്ന് 15 മീറ്റർ വീതിയിൽ ROW യിൽ റോഡ് നവീകരം ലക്ഷ്യമാക്കി, ഒഴിച്ചുകൂടാനാകാത്ത ഏറ്റവും കുറഞ്ഞ സ്ഥലം മാത്രമാണ് ഇവിടെ ഏറ്റെടുക്കപെടുന്നത്.

- **Nature and intensity of social impacts**

ഈ റോഡിനായി സ്ഥലം ഏറ്റെടുക്കപെടുമ്പോൾ പ്രധാനമായും നഷ്ടപ്പെടുന്നത് രണ്ടു കെട്ടിടങ്ങളാണ്. ഇതിൽ ഒന്നാമത്തേത് ഗിരിജയുടെ ഉടമസ്ഥതയിലുള്ളതും, ഇപ്പോൾ ഒന്നിനും ഉപയോഗിക്കാത്തതും ചെറുവണ്ണൂർ റോഡ് സൈഡിലുള്ളതുമായ ഒരു ഇരുനില കെട്ടിടമാണ്. ഇത് പൊളിക്കുന്നത് ഒരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല.

രണ്ടാമത് ഉള്ളത് ശ്രീഭാഗ്യയുടെ ഉടമസ്ഥതയിലുള്ളതും, കല്പക എന്ന ഹോട്ടൽ നടത്തപെടുന്നതുമായ കെട്ടിടമാണ്. ഹോട്ടൽ വാടകക്ക് നടത്തുന്നവരുടെ പ്രയാസം, അവരുടെ തൊഴിൽ നഷ്ടം, വരുമാന നഷ്ടം അതിന്റെ തീവ്രത ലഘൂകരിക്കപ്പെടണം.

- **Viable mitigation measures extent to which mitigation measures will address costs**

ആഖാതലഘൂകരണത്തിനു, പ്രധാനമായും തുക ചിലവഴിക്കപ്പെടുന്നത് ഭൂമിക്കും കെട്ടിടങ്ങൾക്കും അതിലെ ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമാണല്ലോ. അതുപോലെതന്നെ തൊഴിൽ നഷ്ടപ്പെടുന്നവരുടെ പ്രയാസലഘൂകരണത്തിനും തുക ചിലവാകുന്നു. ഈ റോഡ് പുനർനിർമ്മാണം കൊണ്ട്, ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സമീപ പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്ന സ്ഥായിയായ നേട്ടം പരിഗണിച്ചാൽ, ചിലവഴിക്കപ്പെടുന്ന തുകയുടെ എത്രയോ മടങ്ങായിരിക്കും തിരികെ ലഭിക്കുന്ന നേട്ടത്തിന്റെ മൂല്യം.

- **Final recommendation on whether the acquisition should go through or not**

റോഡ് വികസനത്തിനായി ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന ആഘാതത്തെകുറിച്ച വ്യക്തമായി

സൂചിപ്പിച്ചിരുന്നതാണ്. നിലവിലുള്ള RFCTLARR Act ലെ നിബന്ധനകൾക്ക് വിധേയമായി ഹോട്ടൽ നടത്തിപ്പുകാർക്കുകൂടി ആശ്വാസം ലഭിക്കുന്നതോടെ, ന്യായ നിർവഹണ തത്വ പ്രകാരം ആഘാതം പൂർണമായും പരിഹരിക്കപ്പെടുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ സ്ഥലം ഏറ്റെടുപ്പ് പരിസ്ഥിതിക്കോ പൊതുസ്ഥാപനങ്ങൾക്കോ താമസക്കാർക്കോ ഒന്നുംതന്നെ ആഘാതമുണ്ടാകുന്നില്ല. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ കോഴിക്കോട് ജില്ലയുടെ തെക്കു പടിഞ്ഞാറു , കിഴക്ക് ഭാഗങ്ങളിലുള്ളവർക്കും മലപ്പുറം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ളവർക്കും ഏറെ ഗുണകരമായ ഈ റോഡ് പ്രവൃത്തി ഈ പ്രദേശത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുന്നു. അതിനാൽ തന്നെ ഈ പദ്ധതിയുമായി മുന്നോട്ടു പോകാവുന്നതാണ്.

**13.04.2022**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**